## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ശ്രീഷ്മ വർഗ്ഗീസ് ,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കത്ത് നമ്പർ.DMOH-കാസറഗോഡ്/2656/2023-A5 Dated :21.12.2023

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/5453/2024-EA5 Dated :29.08.2024

3.എ5-2656/2023/ജി.മെ.ആ കാസറഗോഡ് തീയതി 10.10.2024

**ഉത്തരവ് നം. DHS/5453/2024-EA5 തീയതി.25-04-2026**

ഡോ.ശ്രീഷ്മ വർഗ്ഗീസ് ,അസിസ്റ്റന്റ് സർജൻ (Dr. Sreeshma Varghese) 17.09.2022 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. കാസറഗോഡ് ബെള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 06.10.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസ് ടിയാൾ കൈപ്പറ്റിയതായും തപാൽ വകുപ്പ് Acknowledgement card തിരികെ ലഭ്യമാക്കിയതായും ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നു .

(2). പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും,എന്നാൽ തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യവും അറിയിക്കുകയോ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 06.10.2023 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. ശ്രീഷ്മ വർഗ്ഗീസ്, അസിസ്റ്റന്റ് സർജൻന്റെ വർക്ക് ആന്റ്

കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.ശ്രീഷ്മ വർഗ്ഗീസ് അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 25-04-2026
16:25:14

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Sreeshma Varghese , Rose Villa ,Chengal ,Payangadi ,Kannur -670303**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കാസറഗോഡ്
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് കുടുംബാരോഗ്യ കേന്ദ്രം ബെള്ളൂർ

   കാസറഗോഡ്(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ